**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **21-01-2021 - ൽ മറുപടിയ്ക്ക്**

**പ്രഭുറാം മില്ലിന്റെ പ്രതിസന്ധിക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | പൊതുമേഖലയിൽ പ്രവർത്തിക്കുന്ന തുണിമില്ലുകളുടെ ഇന്നത്തെ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയവ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്, സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ് എന്നിവയും മറ്റ് സഹകരണ സ്പിന്നിങ് മില്ലുകളും പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞി വാങ്ങുന്നതിൽ മുൻകാലങ്ങളിൽ പ്രയാസം നേരിട്ടിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തന മൂലധന സഹായം യഥാസമയം നല്കുക വഴി വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങുവാൻ കഴിഞ്ഞതിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ നൂലിന് നല്ല വില ലഭിക്കുന്ന സാഹചര്യത്തിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ആധുനികവത്കരണ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് 19 പകർച്ചവ്യാധിയുടെ വ്യാപനത്തെത്തുടർന്ന് മില്ലുകൾ ലോക്ക്ഡൗൺ കാലയളവിൽ അടഞ്ഞു കിടന്നതുമൂലം ഉൽപ്പാദനത്തിൽ ഗണ്യമായ കുറവു നേരിട്ടതും മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവവും ഒരു പരിധിവരെ പ്രതിസന്ധിയ്ക്കു കാരണമായിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രഭുറാം മില്ലിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) | നിലവിൽ മില്ലിന്റെ പ്രവർത്തനം മെച്ചപ്പെട്ട സ്ഥിതിയിലാണ്. വൈദ്യുതി പ്രസരണത്തിലുള്ള അപാകതകൾ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനായി ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിക്കുന്നതും മില്ലിന്റെ സ്ഥലത്ത് കെ.എസ്.ഇ.ബിയുടെ 110 കെ.വി സ്റ്റേഷൻ സ്ഥാപിക്കുന്നതും സാധ്യമാകുമ്പോൾ വൈദ്യുതി കുടിശ്ശിക തീർക്കുന്നതിനു കഴിയുമെന്നു പ്രതീക്ഷിക്കുന്നു. കൂടാതെ അസംസ്കൃത വസ്തുക്കളുടെ സ്റ്റോക്ക് കുറവ്, സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക എന്നീ പ്രതിസന്ധികൾ മിൽ നേരിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആധുനികവൽക്കരണ പദ്ധതി പൂർത്തിയാകുന്നതോടെ ഇത്തരം പ്രതിസന്ധികൾ മറികടക്കുന്നതിനു കഴിയു മെന്നും പ്രതീക്ഷിക്കുന്നു. |
| (സി) | പ്രഭുറാം മില്ലിന്റെ ആധുനികവൽക്കരണത്തിനുള്ള സർക്കാർ പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നത് പരിഗണിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മില്ലിന്റെ ആധുനികവൽക്കരണ പദ്ധതികൾക്കായി 48.74 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന്റെ ആദ്യ ഗഡുവായി 2.5 കോടി രൂപ മില്ലിന് അനുവദിച്ചിട്ടുണ്ട്. ഇറ്റലിയിൽ നിന്നും ഇറക്കുമതി ചെയ്ത ഓട്ടോകോണർ വൈൻഡിംഗ് മെഷീന്റെ ഇൻസ്റ്റാലേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ